# M.J.S.S.A. വാർഷിക പരീക്ഷ 2019

**Pluss II** **Answerkey** **Marks -100**

**Note :** ചോദ്യപേപ്പർ, പാഠപുസ്തകം, ഉത്തര സൂചിക എന്നിവയുമായി ഒത്ത് നോക്കണം

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** (15X1=15)

1. വി.യോഹന്നാൻ, 2. മോർ അപ്രേം, 3. വി.ബേസിൽ /മോർ ബസേലിയോസ്, 4. പരി.പൗലോസ് അപ്പൊസ്തലന്റെ
5. അഞ്ച്, 6. കേഫ, 7. വി.മർക്കോസിന്റെ സുവിശേഷം, 8. അഭി.ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത
9. ഉൽപ്പത്തി പുസ്തകം /ആദ്യപുസ്തകം, 10. ഗാന്ധിജി, 11. സ്തേഫാനോസിന്റെ, 12. വി.ലൂക്കോസിന്റെ സുവിശേഷം
13 മോർ ഗ്രീഗോറിയോസ്, 14. ജോൺ ക്രസോസ്റ്റം, 15. മാദ്ധ്യമങ്ങൾ

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക** (15X2=15)

16. നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമ്ശിഹ...പുസ്തകങ്ങളാണ് സുവിശേഷങ്ങൾ (പാഠം1-പേജ് 6) (അല്ലെങ്കിൽ) കർത്താവായ യേശുമ്ശീഹായുടെ മനുഷ്യാവതാരകാലത്ത്....പുസ്തകമാണ് സുവിശേഷം (പാഠം1-പേജ് 7)

17. ധാർമ്മിക നിയമസമാഹരണം, സമൂഹത്തിന്റെ ക്രമീകരണം സംബന്ധിച്ച പ്രബോധനങ്ങളും ആരാധനാനുഷ്ഠാനങ്ങൾ സംബന്ധിച്ച ചട്ടങ്ങളും, രണ്ടാം നൂറ്റാണ്ടിലെ ക്രൈസ്തവ ജീവിത നിയന്ത്രണ സംബന്ധിയായ നിയമങ്ങൾ എന്നിവയായിരുന്നു ഡിഡാക്കെയുടെ പൊതുവായ ഉള്ളടക്കങ്ങൾ. (പാഠം 2-പേജ് 22)

18. അറിയുക, അറിയിക്കുക, ആഹ്ലാദിപ്പിക്കുക, പഠിപ്പിക്കുക, സംഭവങ്ങളുടെ വിശദാംശങ്ങൾ നൽകുക, ബോധവൽക്കരിക്കുക എന്നിവ ചുമതലയും, സമൂഹത്തെ നേർവഴിക്ക് നയിക്കുക അഭിലഷണീയമായ മാർഗ്ഗദർശനങ്ങൾ നൽകുക,ദിശാബോധം പകരുക എന്നിവ കടമയും ആണ് (പാഠം 4-പേജ് 96)

19. എപ്പിസ്ക്കോപ്പയിൽ കേന്ദ്രീകരിച്ചിരിക്കുന്ന ആരാധന സമൂഹം എന്നാണ്. ഓരോ ഇടവകയും എപ്പിസ്ക്കോപ്പയുടെ അദ്ധ്യക്ഷതയിൻ കീഴിൽ ആയിരിക്കും (പാഠം 5-പേജ് 111)

20. പരീശന്മാരും ശാസ്ത്രിമാരും ജനങ്ങളിൽ നിന്ന് കേൾക്കുവാൻ ഇഷ്ടപ്പെട്ടിരുന്ന സംബോധനകളായിരുന്നു പിതാവ്, ഗുരു, യജമാനൻ എന്നതെല്ലാം ഈ പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനായിരുന്നു. ക്രിസ്തു ഈ പ്രസ്താവന നടത്തുന്നത്. (പാഠം 2-പേജ് 21)

21. അന്ത്യഅത്താഴം, കുരിശിലെ ബലി, സഭയുടെ വി. കുർബ്ബാന എന്ന ബലി തുടങ്ങിയവയാണ് പെസഹക്കുഞ്ഞാട് ക്രിസ്തുവിൽ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്ന ത്രിവിധ രീതികൾ (പാഠം 2-പേജ് 52)

22. ദമ്പതികളുടെ പരസ്പര സ്നേഹം കർത്താവ് സഭയെ സ്നേഹിച്ചതു പോലെ ആകണം. കർത്താവ് സഭയെ വധുവായി സ്വീകരിച്ച് അവളെ സ്നേഹിച്ചു, അവൾക്ക് വേണ്ടി സഹിച്ചു, മരിച്ചു. അതുപോലെ നിസ്വാർത്ഥമായി സ്നേഹിക്കണം. ഇപ്രകാരമാണ് ഭാര്യാ-ഭർതൃസ്നേഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് എഫെസ്യർക്കുള്ള ലേഖനത്തിൽ വിശദമാക്കുന്നത്. (പാഠം 3 -പേജ് 91)

23. യഹൂദ മതത്തിൽ നിന്ന് ക്രൈസ്തവ മാർഗ്ഗം ആശ്ലേഷിച്ചവരെയാണ് വി. മത്തായിയുടെ സുവിശേഷം ലക്ഷ്യം വക്കുന്നതുകൊണ്ടാണ് യഹൂദ സഭക്ക് പരിചിതമായ ഭാഷയും വിഷയങ്ങളും പ്രബോധനങ്ങളും വി.മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത്. (പാഠം 1-പേജ് 13)

24. നോമ്പുകൾ വിശ്വാസിയെ അനുതാപത്തിലേക്ക് നയിക്കുന്നു. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് അനുതാപം അത്യന്താപേക്ഷിതമാണ്. അനുതാപം വിശ്വാസിയുടെ രക്ഷക്ക് അനിവാര്യവുമാണ് (പാഠം 5-പേജ് 117)

25. മനുഷ്യന് ദൈവീകനാകുവാനുള്ള സാധ്യത ദൈവം സൃഷ്ടിയിലെ നൽകിയെന്നുള്ളതിന്റെ സൂചനയാണ് മനുഷ്യന് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം. ഇതാണ് മനുഷ്യന്റെ സ്വാതന്ത്ര്യം സംബന്ധിച്ച് മോർ ഗ്രീഗോറിയോസിന്റെ ദാർശനിക അപഗ്രഥനം (പാഠം 2 -പേജ് 71)

26. നിഖ്യായിൽ എ.ഡി 325 കൂടിയ സുന്നഹദോസ് സുവിശേഷ പുസ്തകങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും സുവിശേഷങ്ങൾ നാലെന്ന് നിജപ്പെടുത്തുകയും ചെയ്തു. (പാഠം 1-പേജ് 8)

27. ആദിമ സഭയുടെ ആരാധന പാരമ്പര്യങ്ങളും വിശ്വാസസത്യങ്ങളും അന്ത്യോഖ്യായിലെ വിശ്വാസ സമൂഹം നിലനിർത്തിപ്പോന്നു.ഈ വിശ്വാസ പാരമ്പര്യം നിലനിർത്തുന്നതുകൊണ്ടാണ് പരി.സുറിയാനി സഭ അന്ത്യോഖ്യൻ സഭ എന്നുകുടി അറിയപ്പെടുന്നത്. (പാഠം 5- പേജ് 111)

28. ബുധനാഴ്ച ശ്ഹീമ നമസ്കാരത്തിൽ പ്രഭാത പ്രാർത്ഥനയിൽ ഓർക്കുകയും, ജനുവരി 1-ാം തീയതി അവരുടെ ഓർമ്മ നടത്തുകയും ചെയ്യുന്നു. ഇപ്രകാരമാണ് പരി.സഭ കപ്പദോക്യൻ പിതാക്കന്മാരെ സ്മരിക്കുന്നതിനായി ക്രമീകരണം ചെയ്തിട്ടുള്ളത്. (പാഠം 2-പേജ് 60).

29. ഒരു ആശയം വ്യക്തമാക്കുന്നതിന് നാം ഉപയോഗിക്കുന്ന വ്യത്യസ്ഥ സ്രോതസുകളാണ് മാദ്ധ്യമം (പാഠം 4-പേജ് 95)

30. ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപിരിക്കരുത്.ഇതത്രേ യേശുക്രിസ്തുവിന്റെ കൽപ്പന. ഇതാണ് പുതിയ നിയമം. വ്യക്തമാക്കുന്ന വിവാഹത്തിന്റെ ഏകത്വം (പാഠം 3-പേജ് 93)

**ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക.** (3X5=15)

31. യേശുവിനെ അവതരിപ്പിക്കുന്നത്...(1 മാർക്ക്) അഞ്ച് അത്ഭുതങ്ങൾ/ അടയാളങ്ങൾ ....... (2 മാർക്ക്)
തന്റെ ഏകജാതനായ പുത്രൻ......(1 മാർക്ക്) ഞാൻ ആകുന്നു എന്ന വിവരണം........(1 മാർക്ക് ) (പാഠം 1-പേജ് 14,15)

P.T.O.

32. അലക്സന്ത്രയോസ് മെത്രാന്റെ സെക്രട്ടറി (1 മാർക്ക്) അറിയൂസിനെതിരായി സുന്നഹദോസ് തീരുമാനം....(2 മാർക്ക്)
നിഖ്യാ സുന്നഹദോസിൽ പുത്രനാം ദൈവത്തെ.... (2 മാർക്ക് ) (പാഠം 2 - പേജ് 31)

33. ഒരുമിച്ച് പ്രാർത്ഥിക്കുക.....അതിഥി സൽക്കാരസ്വഭാവവും കാത്തു സൂക്ഷിക്കുക. ( 9 പോയിന്റ് ) (പാഠം 3 - പേജ് 89)

**ഗീതം പൂരിപ്പിക്കുക** (1X6=6)

34. മഹിമയൊടാക്കബറീന്നു പുറ - പ്പെട്ടീ സൃഷ്ടികളെ
ശോഭിപ്പിച്ചൊരു ശോഭയതാമേശു സ്തുത്യനഹോ.
ശെമഓനും യോഹന്നാനും ചെന്നാക്കബറിങ്കൽ
സ്തുതി പാടി സന്തോഷത്തോ- ടെ പോയവർ തിരികെ
ആഴ്ചയിലാദ്യത്തേതായി- ടുന്നീ ശുദ്ധദിനേ
ആദ്യജനുയിർ പൂണ്ടെഴുന്നേൽപ്പി - ച്ചീ മൺമയരേയും.

**പ്രാർത്ഥന പൂർത്തിയാക്കുക** (1X10=10)

35. ബാറെക്മോർ. രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ .

ബാറെക്മോർ, നിങ്ങൾ ശുദ്ധസ്ഥലത്തേക്കു നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ ; നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ ; നിന്റെ വചനത്താൽ എന്നെ രക്ഷിക്കേണമേ.

എന്റെ നാവു നിന്റെ വചനത്തെ ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു. നീ നിന്റെ കൽപ്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സുതുതികൾ ഉച്ചരിക്കും.ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവു നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണത്തെ ഞാൻ ധ്യാനിച്ചു.

എന്റെ ആത്മാവു ജീവിച്ച് നിന്നെ സ്തുതിക്കയും നിന്റെ ന്യായവിധി എന്നെ സഹായിക്കയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമേ. എന്തെന്നാൽ ഞാൻ നിന്റെ കൽപ്പനകളെ മറന്നില്ല.

സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ.സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

**നാലു പേജിൽ കുറയാതെ ഉപന്യസിക്കുക** (2X12=24)

36. മാധ്യമങ്ങളുടെ ദുഃസ്വാധീനം : ആമുഖം (2 മാർക്ക്) മാദ്ധ്യമങ്ങളുടെ ദുഃസ്വാധീനം 11 മേഖലകളിൽ (8 മാർക്ക്) ഉപസംഹാരം (2 മാർക്ക്) പാഠം 4 - പേജ് 102,103,104,105,106

Or

ക്രൈസ്തവ കുടുംബം നേരിടുന്ന വെല്ലുവിളികൾ : ആമുഖം (2 മാർക്ക്) പേജ് 80 മുതൽ 86 വരെയുള്ള 7 പോയിന്റുകൾ (8 മാർക്ക്) ഉപസംഹാരം (2 മാർക്ക്) പാഠം 3 - പേജ് 80,81,82,83,84,85,86

37 സുറിയാനി സഭ : ആമുഖം (2 മാർക്ക്) സുറിയാനി സഭയുടെ സവിശേഷതകൾ 9 പോയിന്റുകൾ (8 മാർക്ക്) ഉപസംഹാരം (2 മാർക്ക്) പാഠം 5- പേജ് 111,112,113,114,115,116.117

Or

നിസായിലെ മോർ ഗ്രിഗോറിയോസിന്റെ "പുറപ്പാട്" ആമുഖം (2 മാർക്ക്) മോശയുടെ നേതൃത്വത്തിൽ നടത്തിയ യാത്രയുമായുള്ള താരതമ്യം 9 പോയിന്റുകൾ (8 മാർക്ക്) ഉപസംഹാരം (2 മാർക്ക്) പാഠം 2- പേജ് 71, 72,73